പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3754 15-12-2014-ൽ മറുപടിയ്ക്ക്

അട്ടപ്പാടിയിലെ സമ്പൂർണ്ണ മദ്യ നിരോധനം

ചോദ്യം: ഉത്തരം:

ശ്രീ. എ.കെ. ബാലൻ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ ഇപ്പോൾ മദ്യം ലഭ്യമാണോ; ആണെങ്കിൽ എങ്ങനെയെല്ലാമാണ് മദ്യം ലഭ്യമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയ അട്ടപ്പാടിയിൽ തമിഴ്നാട് TASMAC ഷോപ്പുകളിൽ നിന്നും മദ്യം വ്യാജമായി കടത്തിക്കൊണ്ടുവന്ന് ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വ്യാജവാറ്റ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലകളിലെ വനാന്തരങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്. |
| (ബി) | മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര കേസ്സുകൾ അട്ടപ്പാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; എത്ര മദ്യം പിടിച്ചെടുക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട്; | (ബി) യും (സി) യും | മദ്യത്തിന്റെ നിർമ്മാണം, വിതരണം, കൈവശംവയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 397 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് 2014 റെയ്ഡുകൾ നടത്തുകയും 517.9 ലിറ്റർ ചാരായം, 573.96 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 197 ലിറ്റർ അരിഷ്ടം, 1,27,217 ലിറ്റർ വാഷ് എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ, 90 കേസ്സുകളിലായി 65 പ്രതികളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അട്ടപ്പാടിയിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വ്യാജമദ്യം കണ്ടെത്തുകയോ പിടിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | അട്ടപ്പാടിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനമൈത്രി സ്ക്വാഡ് രൂപീകരിച്ചും, പാലക്കാട് സ്പെഷ്യൽ സ്ക്വാഡ്, അഗളി റെയ്ഞ്ച്, മണ്ണാർക്കാട് സർക്കിൾ ഓഫീസ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പട്രോളിംഗും നടത്തിവരുന്നുണ്ട്. പോലീസ്, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ